**07-03-2019 തീയ്യതി വ്യാഴാഴ്ച ജില്ലാ പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ അവലോകന യോഗത്തിൽ പങ്കെടുത്തവരും യോഗതീരുമാനങ്ങളും.**

രാവിലെ 10:30 - ന് ആരംഭിച്ച യോഗത്തിൽ പ്രൊജക്ട് ഡയറക്ടർ ശ്രീ. കെ.എം. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ എ.ഡി.സി.(ജനറൽ) ശ്രീ. നിബു ടി. കുര്യൻ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ, ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.). ബ്ലോക്ക് അക്രഡിറ്റഡ് എൻജിനീയർമാർ തുടങ്ങിയവർ പങ്കെടുത്തു. അടുത്ത സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വർക്ക് തുടങ്ങേണ്ടതാണെന്നും തുടങ്ങുമ്പോൾ മെറ്റീരിയൽ കംപോണന്റ് ആയിട്ടുള്ള വർക്കുകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നും അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു. 2018-19 സാമ്പത്തികവർഷം കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ ഓഡിറ്റ് ഉണ്ടായിരിക്കുമെന്നും ആയതിനാൽ 31-03-2019 വരെയുള്ള വർക്കുകളുടെ കണക്കുകൾ ഓഡിറ്റിന് വേണ്ടി തയ്യാറാക്കി വയ്ക്കേണ്ടതാണെന്നും അദ്ധ്യക്ഷൻ യോഗത്തിൽ വ്യക്തമാക്കി.

ടെണ്ടർഫോം വിറ്റുകിട്ടുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടക്കുകയും ടെണ്ടർഫോം തയ്യാറാക്കുന്ന തുക തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്നും ചെലവാക്കുകയും ചെയ്യുന്ന പ്രവണത ശരിയല്ലെന്നും ഇത് തൊഴിലുറുപ്പ് ഫണ്ടിൽ തന്നെ അടയ്ക്കേണ്ടതാണെന്നും കഴിയുന്നതും ഒറ്റടെണ്ടർ ആയി ചെയ്യണമെന്നും ആയത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ടതാണെന്നും അദ്ധ്യക്ഷൻ യോഗത്തിൽ നിർദ്ദേശിച്ചു.

**കംപോസ്റ്റ് പിറ്റ്**

| ബ്ലോക്ക് പഞ്ചായത്ത് | എം. ഐ.എസ് റിപ്പേർട്ട് പ്രകാരം | ചെയ്യാൻ കഴിയുന്നത് |
|---|---|---|
| എടക്കാട് | 21 | 52 |
| ഇരിക്കൂർ | 17 | 40 |
| ഇരിട്ടി | 9 | 46 |
| കണ്ണൂർ | 37 | 67 |
| കല്യാശ്ശേരി | 11 | 35 |
| പേരാവൂർ | 4 | 53 |
| പയ്യന്നൂർ | 36 | 72 |
| തളിപ്പറമ്പ | 23 | 108 |

| | | |
|---|---|---|
| തലശ്ശേരി | 36 | 61 |
| പാനൂർ | 20 | 45 |
| കൂത്തുപറമ്പ | 30 | 59 |

എല്ലാവീടുകളിലും ഒരു കംപോസ്റ്റ് പിറ്റും ഒരു സോക്ക് പിറ്റും നിർമ്മിക്കേണ്ട താണെന്നും ഇത് ഒരുവാർഡിൽ ചുരുങ്ങിയത് 100 എണ്ണവും ഉണ്ടായിരിക്കണ മെന്നും യോഗത്തിൽ തീരുമാനമായി.

**ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പേഴ്സൺ ഡെയ്സ് ജനറേഷൻ**

| S.No | Block | PD Approved by GoI | Achievement as on 06/03/2019 | Achievement % against approved LB |
|---|---|---|---|---|
| 1 | Payyanur | 302926 | 380755 | 125.69 |
| 2 | Kuthuparamba | 352437 | 399789 | 113.44 |
| 3 | Taliparamba | 611055 | 668543 | 109.41 |
| 4 | Irikkur | 502041 | 538165 | 107.2 |
| 5 | Edakkad | 218481 | 218019 | 99.79 |
| 6 | Thalasseri | 240124 | 237161 | 98.77 |
| 7 | Kallyasseri | 260625 | 253767 | 97.37 |
| 8 | Panoor | 181065 | 164521 | 90.86 |
| 9 | Iritty | 695240 | 613580 | 88.25 |
| 10 | Peravoor | 672704 | 587931 | 87.4 |
| 11 | Kannur | 91507 | 74049 | 80.92 |
| | **Total** | **4128205** | **4136280** | **100.2** |

പയ്യന്നൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ്, ഇരിക്കൂർ, തുടങ്ങിയ ബ്ലോക്കുകൾ 100% - ന് മുകളിൽചെയ്തിട്ടുണ്ടെന്നും ഇരിട്ടി, പേരാവൂർ, കണ്ണൂർ ബ്ലോക്കു കൾയഥാക്രമം 88, 87, 80 ശതമാനം മാത്രമേ ആയിട്ടുള്ളൂ എന്നും ഇതിൽ ഇരിട്ടി, പേരാവൂർ, ബ്ലോക്ക് പഞ്ചായത്തുകൾ അടിയന്തിരമായി 100 ശതമാനത്തിൽ കൂടുതൽ ചെയ്യേണ്ടതാണെന്നും കണ്ണൂർബ്ലോക്ക് പരമാവധി വർദ്ധിപ്പിക്കണ മെന്നും യോഗത്തിൽ അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

**ശരാശരിതൊഴിൽ ദിനങ്ങൾ**

പാനൂർ, പേരാവൂർ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്തുകളിൽ ശരാശരിതൊഴിൽ ദിനങ്ങൾ കൂടുതലാണെന്നും ബാക്കിയുള്ളബ്ലോക്ക് പഞ്ചായത്തുകൾ പരമാവധി വർദ്ധിപ്പിക്കണമെന്നും കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വളരെ കുറവാണെന്നുംബി.ഡി.ഒ, ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) ശ്രദ്ധിക്കമെന്നും അദ്ധ്യക്ഷൻ യോഗത്തിൽ വ്യക്തമാക്കി.

**തൊഴിൽ ദിനങ്ങൾ കുറവുള്ള ഗ്രാമപഞ്ചായത്തുകൾ**

വളപട്ടണം, മാട്ടൂൽ, കല്ല്യാശ്ശേരി, പടിയൂർ, തൃപ്പങ്ങോട്ടൂർ, മുഴപ്പിലങ്ങാട്, ചെമ്പിലോട് ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ ദിനങ്ങൾ വളരെ കുറവാണെന്നും ബന്ധപ്പെട്ട ബി.ഡി.ഒ. - മാർ ഇത് ശ്രദ്ധിക്കേണ്ടതാണെന്നും അദ്ധ്യക്ഷൻ യോഗത്തിൽ ഓർമ്മിപ്പിച്ചു.

**100 ദിവസംതൊഴിൽ നൽകിയത്**

100 ദിവസംതൊഴിൽ നൽകിയതിൽ പാനൂർ -1113, ഇരിട്ടി -2401, പേരാവൂർ -1769, കൂത്തുപറമ്പ് -1262, പയ്യന്നൂർ -1233 ആയിട്ടുണ്ടെന്നും എന്നാൽ കല്ല്യാശ്ശേരി -423, കണ്ണൂർ -495, ഇരിക്കൂർ -805 എന്നീ ബ്ലോക്കുകൾ 100 ദിവസംകൊടുത്തത് കുറവാണെന്നും അദ്ധ്യക്ഷൻ യോഗത്തിൽ അറിയിച്ചു. 81 മുതൽ 99 വരെ തൊഴിൽ കിട്ടിയ 9499 പേരും, 71 മുതൽ 80 വരെ 5200 പേരും, 61 മുതൽ 70 വരെ 5825 പേരും നിലവിലുണ്ടെന്നും ആയതിനാൽ 81 -നും 99 -നും ഇടയ്ക്കുള്ള 9499 പേർക്ക് ഉടൻതന്നെ തൊഴിൽകൊടുത്ത് 100 ദിവസം പൂർത്തീകരിക്കണമെന്നും പ്രൊജക്ട്ഡയറക്ടർ യോഗത്തിൽ കൂട്ടിച്ചേർത്തു.

**മെറ്റീരിയൽ ഉപയോഗിച്ചുള്ളവർക്കുകൾ**

പേരാവൂർ-14.78%, തളിപ്പറമ്പ് - 14.20%, പയ്യന്നൂർ -13% ശതമാനവുമാണെന്നുംഇത് ജില്ലാ ശരാശരിയിലും താഴെയാണെന്നും മെറ്റീരിയൽ ഉപയോഗിച്ച് കൊണ്ടുള്ള വർക്കുകൾ കൂടുതൽ ഏറ്റെടുത്ത് ചെയ്യണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. വരുന്ന സാമ്പത്തികവർഷം ഒരുവാർഡിൽ ഒരുവർക്ക് എങ്കിലും നിർബന്ധമായും മെറ്റീരിയൽ ഉപയോഗിച്ച്കൊണ്ട് ചെയ്യണമെന്നും പ്രൊജക്ട് ഡയറക്ടർ നിർദ്ദേശിച്ചു.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്തൊഴിൽ ദിനം നൽകിയത്

| S.No | Block | ST HHs with JC | ST HHs Employed | % of ST HHs got job against HHs with JC |
|---|---|---|---|---|
| 1 | Irikkur | 1479 | 899 | 60.78 |
| 2 | Taliparamba | 2086 | 1167 | 55.94 |
| 3 | Peravoor | 2680 | 1455 | 54.29 |
| 4 | Kuthuparamba | 828 | 436 | 52.66 |
| 5 | Iritty | 1706 | 888 | 52.05 |
| 6 | Kallyasseri | 2 | 1 | 50 |
| 7 | Payyanur | 500 | 202 | 40.4 |
| 8 | Thalasseri | 12 | 4 | 33.33 |
| 9 | Panoor | 3 | 1 | 33 |
| 10 | Kannur | 0 | 0 | 0 |
| 11 | Edakkad | 2 | 0 | 0 |
| | **Total** | **9298** | **5053** | **54.35** |

ബ്ലോക്ക് എസ്.സി.ഡി.ഒ., ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വി.ഇ.ഒ. മാർ എന്നിവരെ പങ്കെടുപ്പിച്ച് ബി.പി.ഒ. -യുടെ അദ്ധ്യക്ഷതയിൽ ഒരുയോഗം ബ്ലോക്ക് പഞ്ചായത്തിൽ അടിയന്തിരമായി ചേർന്ന് പദ്ധതി പ്രവർത്തനം വിലയിരുത്തി പുരോഗതിയുണ്ടാക്കണമെന്ന് അദ്ധ്യക്ഷൻ യോഗത്തിൽ നിർദ്ദേശിച്ചു.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസംതൊഴിൽ നൽകിയത്

പേരാവൂർ -430, ഇരിട്ടി -303 കൂടുതൽ നൽകിയിട്ടുണ്ടെന്നും, ഇരിക്കൂർ -85, പയ്യന്നൂർ-19 കുറവാണെന്നും യോഗം വിലയിരുത്തി.

## മെറ്റീരിയൽകൺസ്ട്രക്ഷൻ യൂണിറ്റ്

കണ്ണൂർ ബ്ലോക്കിലെ ചിറക്കൽ പഞ്ചായത്തിൽ മാത്രമേ ബ്രിക്ക് വിതരണം തുടങ്ങിയിട്ടുള്ളൂ എന്നും ബാക്കിയുള്ള എല്ലാബ്ലോക്ക് പഞ്ചായത്തുകളും ബ്രിക്ക് യൂണിറ്റ് അടിയന്തിരമായി തുടങ്ങേണ്ടതാണെന്നും പ്രൊജക്ട് ഡയറക്ടർ യോഗത്തിൽ നിർദ്ദേശിച്ചു.

**എം.ഐ.എസിൽ പൂർത്തീകരണം നൽകേണ്ട വർക്കുകൾ**

**2015-16**

പേരാവൂർ- 25 വർക്കുകളും , ഇരിട്ടി- 11 വർക്കുകളും പൂർത്തീകരിക്കാൻ ബാക്കിയുണ്ടെനന്നും മാർച്ച് 31 ആകുമ്പോഴേക്കും പൂർത്തീകരിക്കണമെന്നും യോഗത്തിൽ തീരുമാനമായി.

**2016-17**

തളിപ്പറമ്പ് - 6, പേരാവൂർ - 5, ഇരിട്ടി -4 പൂർത്തീകരിക്കാനുണ്ടെന്നും ഇതിൽകൂടുതലും ഐ.എ.വൈ. വർക്കുകളാണെന്നും ബന്ധപ്പെട്ട എ.ഇ. മാർ യോഗത്തിൽ അറിയിച്ചു.

**2017-18**

ഏറ്റെടുത്ത മുഴുവൻ വർക്കുകളും പൂർത്തീകരിച്ചാൽ മാത്രമേ ഫണ്ട് അനുവദിക്കുകയുള്ളൂ വെന്നും മൂന്ന് വർഷത്തെ വർക്ക് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് തലത്തിൽ പൂർത്തീകരിക്കാനുള്ള വർക്കുകളുടെ റിപ്പോർട്ട് തയ്യാറാക്കി ബി.പി.ഒ മാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം വിളിച്ച് വർക്കുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് യോഗത്തിൽ തീരുമാനമായി.

**ടൈമിലി പെയ്മെന്റ്**

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് മാത്രമേ 100% കൈവരിച്ചിട്ടുള്ളൂവെന്നും ബാക്കിയുള്ള ബ്ലോക്കുകൾ അടിയന്തിരമായി 100 ശതമാനം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും പ്രൊജക്ട് ഡയറക്ടർ യോഗത്തിൽ നിർദ്ദേശം നൽകി.

അങ്കണവാടി

| ക്രമ നമ്പർ | ബ്ലോക്ക് | തുടങ്ങാനിദ്ദേശ്ശിക്കുന്നത് |
|---|---|---|
| 1 | എടക്കാട് | ഇല്ല |
| 2 | ഇരിക്കൂർ | 3 |
| 3 | ഇരിട്ടി | ഇല്ല |
| 4 | കണ്ണൂർ | 1 |
| 5 | കല്യാശ്ശേരി | സ്ഥലമില്ല |

| | | |
|---|---|---|
| 6 | പേരാവൂർ | ഇല്ല |
| 7 | പയ്യന്നൂർ | ഇല്ല |
| 8 | തളിപ്പറമ്പ | 3 |
| 9 | തലശ്ശേരി | 1 എരഞ്ഞോളി തുടങ്ങി |
| 10 | പാനൂർ | 3 |
| 11 | കൂത്തുപറമ്പ | 2 |

**ഫാം പോണ്ട്**

തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഫാം പോണ്ട് അടിയന്തിരമായി തുടങ്ങേണ്ടതാണെന്നും അദ്ധ്യക്ഷൻ യോഗത്തിൽ നിർദ്ദേശം നൽകി.

**വില്ലേജ്ഹാറ്റ്**

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ചെറുപുഴ പഞ്ചായത്തിൽ റീടെണ്ടർ പ്രശ്നമുണ്ടെങ്കിൽ നെഗോഷ്യേറ്റ് ആയി എടുത്ത് ക്വട്ടേഷൻ കൊടുത്ത് ചെയ്യണമെന്ന് പ്രൊജക്ട് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. വേങ്ങാട് പഞ്ചായത്ത് ടെണ്ടർ അപ്രൂവ് ആയെന്ന് ബി.ഡി.ഒ. യോഗത്തിൽ അറിയിച്ചു.

**ജോബ്കാർഡ്വെരിഫിക്കഷൻ**

പാനൂർ, പേരാവൂർ, തലശ്ശേര ിബ്ലോക്ക് പഞ്ചായത്തുകളുടെ വെരിഫിക്കേഷൻ 100% ആയിട്ടുണ്ടെന്നും ബാക്കിയുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ വെരിഫിക്കേഷൻ അടിയന്തിരമായി 100% കൈവരിക്കേണ്ടതാണെന്നും പുതിയ ജോബ്കാർഡ് നൽകുന്ന തൊഴിലാളികളുടെ വെരിഫിക്കേഷൻ കൂടി നടത്തുന്നുണ്ടോ എന്നത് ബി.ഡി.ഒ. മാർ പരിശോധിക്കണമെന്നും പ്രൊജക്ട് ഡയറക്ടർ യോഗത്തിൽ വ്യക്തമാക്കി.

**ആധാർബേസ്ഡ് പേമെന്റ്**

തളിപ്പറമ്പ് - 92, ഇരിക്കൂർ -90, തലശ്ശേരി-89 ശതമാനമായിട്ടുണ്ടെന്നും എടക്കാട് - 77.40% കുറവാണെന്നും യോഗംവിലയിരുത്തി.

**പുഴ പുനഃരുദ്ധാരണം**

ധർമ്മടം, എരഞ്ഞോളി, വേങ്ങാട്, എരമം-കുറ്റൂർ, കണിച്ചാർ പഞ്ചായത്തുകളിലാണ് പുഴ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ ഇതുവരെയായിതുടങ്ങിയിട്ടു

ളളത്. ബാക്കിയുള്ള പഞ്ചായത്തുകളിൽ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്ന് അദ്ധ്യക്ഷൻ യോഗത്തിൽ നിർദ്ദേശിച്ചു.

## ജിയോടാഗിംഗ്

ജിയോടാഗിംഗ് ഫേസ് -2 ഇരിട്ടി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തുകൾ ശ്രദ്ധിക്കണമെന്ന് അദ്ധ്യക്ഷൻ യോഗത്തിൽ ഓർമ്മിപ്പിച്ചു. മെറ്റീരിയൽ ഫണ്ട് കിട്ടുന്ന മുറയ്ക്ക് കയർ ഫെഡിന് കൊടുക്കാനുള്ള കുടിശ്ശിക മുഴുവൻ കൊടുത്ത് തീർക്കണമെന്ന് യോഗത്തിൽ തീരുമാനമായി.

## തീരുമാനങ്ങൾ

1. യഥാസമയം തന്നെ തൊഴിൽ കാർഡും തൊഴിൽ ദിനങ്ങളും നൽകി പ്രവൃത്തി ചെയ്യുന്നുണ്ടെന്ന് ബി.ഡി.ഒ. മാർ ഉറപ്പുവരുത്തേണ്ടതാണ്.
2. സെവൻ രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തിവയ്ക്കേണ്ടതാണ്.
3. ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു പഞ്ചായത്തിൽചുരുങ്ങിയത് 50 വർക്കുകൾ ചെയ്യേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മസ്റ്റർറോൾ ഡിമാന്റ് ചെയ്തിട്ടും ബ്ലോക്ക് പഞ്ചായത്തുകളിൽ മസ്റ്റർ റോൾ ഇഷ്യുചെയ്യുന്നതിന് കാലതാമസം നേരിടാൻ പാടില്ല.
5. ബി.ഡി.ഒ, ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്), എ.ഇ മാർഎന്നിവർ നേരിട്ട് ഫീൽഡ് സന്ദർശ്ശനം നടത്തി അർഹരായ ഗുണഭോക്താക്കൾക്ക് തൊഴിൽ കാർഡ് നൽകി തൊഴിൽ കൊടുക്കേണ്ടതാണ്.
6. അടുത്ത സാമ്പത്തികവർഷത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ മറ്റ് വകുപ്പുകളുടെ സംയോജന സാധ്യതകളും ഉൾപ്പെടുത്തി തദ്ദേശഭരണസ്ഥാപനങ്ങളിലെ വർക്കുകളുടെ ഒരു രൂപരേഖ തയ്യാറാക്കേണ്ടതാണ്.
7. ഈ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച്ച വെക്കുന്ന ബി.ഡി.ഒ, ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്), എ.ഇ, ഡി.ഇ.ഒ തുടങ്ങിയവരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി 15 ഇനങ്ങളിലെ എം.ഐ.എസ് പ്രവർത്തന പുരോഗതി പരിഗണിക്കുന്നതും വിലയിരുത്തുന്നതുമാണ്.

## റർബൻ

എടക്കാട്, തലശ്ശേരി, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രവർത്തനം യോഗം വിലയിരുത്തി.

**പി.എം.കെ.എസ്.വൈ**

പദ്ധതിയിൽ വരൾച്ചയെ നേരിടുന്ന പ്രവർത്തികൾ ഉണ്ടോ എന്നത് പരിശോധിച്ച് ആയത് തൊഴിലുറപ്പ് പദ്ധതിയിലും പി.എം.കെ.എസ്.വൈ വാട്ടർ ഷഡ്ഡ് വർക്കിലും ഉൾപ്പെടുത്തി ജില്ലക്ക് അയച്ചുതരേണ്ടതാണ്.

**ആർ.ഐ.ഡി.എഫ്**

ആർ.ഐ.ഡി.എഫിൽ ട്രാഞ്ചെ 18 മുതൽ 23 വരെയുള്ള വർക്കുകളുടെ ബില്ലുകൾ തളിപ്പറമ്പ്, ഇരിട്ടി ബ്ലോക്ക് പഞ്ചായത്തുകളിൽ ഉള്ളത് പരിശോധിച്ച് ജില്ലയിൽ അയച്ചുതരേണ്ടതാണ്.

**പി.എം.എ.വൈ (ജി)**

സ്പിൽഓവർ ആയിട്ടുള്ള മുഴുവൻ ഐ.എ.വൈ/പി.എം.എ.വൈ (ജി) വീടുകളും പൂർത്തീകരിക്കേണ്ടതും, ആവാസ് പ്ലസ് റജിസ്ട്രേഷൻ യോഗ്യതാ മാനദണ്ഡമനുസരിച്ച്എല്ലാഗുണഭോക്താക്കളെയും റജിസ്റ്റർ ചെയ്യേണ്ടതാണെന്ന് പ്രോജക്ട് ഡയറക്ടർ യോഗത്തിൽ നിർദ്ദേശിച്ചു.

കണ്ണൂർജില്ല തൊഴിലുറപ്പ് പദ്ധതിയിൽ വളരെ നല്ല പ്രവർത്തനം കാഴ്ച്ച വെക്കുന്നു വെന്നും പ്ലാൻ ഫണ്ടിൽ ബിൽ മാറാൻ താമസം വരുന്നത് പ്രശ്നമാക്കേണ്ടതില്ലെന്നും പരമാവധി എല്ലാ ബില്ലുകളും ക്യു ലിസ്റ്റിൽ വെക്കേണ്ടതാണെന്നും പുതിയ എ.ഡി.സി (ജനറൽ) ശ്രീ. നിബു ടി.കുര്യൻ യോഗത്തിൽ അറിയിച്ചു. മൂന്ന്ബ്ലോക്ക് പഞ്ചായത്തുകളിൽ മാത്രമേ 70 ശതമാനം എക്സ്പെന്റിച്ചർ ആയതുള്ളൂവെന്നും ബാക്കിയുള്ള എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും 90 ശതമാനത്തിനു മുകളിലാണെന്നും എ.ഡി.സി (ജനറൽ) യോഗത്തിൽ കൂട്ടിച്ചേർത്തു.

യോഗ നടപടികൾ ഉച്ചക്ക് 1:30 ന് അവസാനിച്ചു.

പ്രോജക്ട് ഡയറക്ടർ & ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ
ദാരിദ്ര്യലഘൂകരണ യൂണിറ്റ് (ജി.പ), കണ്ണൂർ